എന്ന് വ്യക്തമാക്കാമോ; ഒരു സെക്ഷൻ ഓഫീസിൽ ഒന്നിൽ കൂടുതൽ ക്യാഷ് കൗണ്ടറുള്ള എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലെ ക്യാഷ്യർ തസ്തികയുടെ അനുവദനീയ എണ്ണം 1410 ആണ്. 2002 വരെ ക്യാഷ്യർ തസ്തികയുടെ അനുവദനീയ എണ്ണം 1380 ആയിരുന്നു. അതിനുശേഷം നിലവിൽ വന്ന തസ്തികകൾ ഉൾപ്പെടെ ഇപ്പോൾ 1410 എണ്ണമാണുള്ളത്.

(ബി) 2011-12-ൽ 3 സെക്ഷനുകളും 2012-13-ൽ 32 സെക്ഷനുകളും, 2013-14-ൽ 18 സെക്ഷനുകളുമാണ് അനുവദിച്ചത്. 2014-15-ൽ പുതിയ സെക്ഷനുകളൊന്നും അനുവദിച്ചിരുന്നില്ല. 2015-16-ൽ അനുവദിച്ച 31 സെക്ഷനുകളിൽ 17 സെക്ഷനുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 14 സെക്ഷനുകൾ പ്രവർത്തനം ആരംഭിക്കാൻ ബാക്കിയുണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ 764 സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഉപഭോക്താക്കളിൽനിന്നും പണം സ്വീകരിക്കുന്ന 753 സെക്ഷൻ ഓഫീസുകളാണുള്ളത്.

(ഡി&ഇ) 2002-ലാണ് ഡിസ്ട്രിബ്യൂഷൻ പ്രോഫിറ്റ് സെന്റർ നിലവിൽ വന്നത്. അതിനുശേഷം 247 സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. രണ്ടിൽ കൂടുതൽ ക്യാഷ്യർമാരുള്ള 51 സെക്ഷൻ ഓഫീസുകളുമുണ്ട്. ഉപഭോക്താക്കളുടെ എണ്ണം കൂടുതലുള്ള സെക്ഷനുകളിലും സെക്ഷനുകളിൽനിന്നും വിദൂരമായ സ്ഥലങ്ങളിലുള്ള ഉപഭോക്താക്കൾക്ക് പണം അടക്കുന്നതിന് outstation collection centre അനുവദിച്ചിട്ടുള്ള സെക്ഷൻ ഓഫീസുകളിലും ഒന്നിൽ കൂടുതൽ ക്യാഷ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിലുള്ള 54 സെക്ഷൻ ഓഫീസുകളാണുള്ളത്.

## കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം

71 (5532) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം പ്രകാരം മുൻസർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ രംഗത്ത് നടത്തിയത്; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം കർമ്മ പരിപാടികളാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ഉത്തരം

(എ) കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം പ്രകാരം മുൻസർക്കാരിന്റെ കാലത്ത് താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഊർജ്ജമേഖലയിൽ നടപ്പിലാക്കിയത്:

| | |
|---|---|
| പുതിയ 11 കെ.വി. ലൈൻ | 43.161 KM പൂർത്തീകരിച്ചു |
| പഴയ 11 കെ.വി.ലൈൻ Re-conducting നടത്തിയത് | 18.87 KM |
| പുതിയ ട്രാൻസ്ഫോർമർ | 63 എണ്ണം സ്ഥാപിച്ചു |
| ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിച്ചത് | 6 എണ്ണം |
| എൽ.റ്റി. ലൈൻ വലിച്ചത് | 139.12 KM |
| മീറ്റർ മാറ്റി സ്ഥാപിച്ചത് | 18611 എണ്ണം |

ആകെ 1705.36 ലക്ഷം രൂപയുടെ ജോലി KPIS പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു.

(ബി) ടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ പുരോഗമിക്കുന്നു.

(സി) ടി പദ്ധതിക്ക് 4579.21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## പവർ സ്റ്റേഷനുകൾ

72 (5533) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഹൈഡ്രോ ഇലക്ട്രിക് പവർ സ്റ്റേഷനുകളുടെയും തെർമൽ പവർ സ്റ്റേഷനുകളുടെയും പ്രൊപ്പോസലുകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഇവയിൽ ഏതെങ്കിലും പവർ സ്റ്റേഷനുകൾ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly